(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

II ശ്രദ്ധ ക്ഷണിക്കൽ

(1) നെയ്യാറിൻകര താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, നെയ്യാറിൻകര താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രിയുടെ ശോചനീയമായ അവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനീസന്ദർഭം വിനിയോഗിക്കുകയാണ്. നെയ്യാറിൻകര കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ ആശുപത്രി ഏതാണ്ട് 85 വർഷം മുൻപ് സ്ഥാപിച്ചതാണ്. അന്ന് ഈ ആശുപത്രിയുടെ മേൽനോട്ടം വഹിച്ചിരുന്നത് രണ്ട് ഡോക്ടർമാരാണ്. ഒരു കെട്ടിടം മാത്രമാണ് അന്നുണ്ടായിരുന്നത്. അതിനുശേഷം ജനബാഹുല്യവും ജോലിവർദ്ധനവുമനുസരിച്ച് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയാക്കിയപ്പോഴും പുതിയ ആശുപത്രി മന്ദിരങ്ങളുടേയും ഡോക്ടർമാരുടേയും എണ്ണം വർദ്ധിപ്പിച്ചു. ഇന്ന് ഈ ആശുപത്രിയിൽ 250 കിടക്കകളാണുള്ളതെങ്കിൽ ഇന്നത്തെ കണക്കനുസരിച്ച് ഇൻപേഷ്യൻസിന്റെ എണ്ണം 391 ആണ്. കിടക്കകൾക്ക് അധികമായി 141 രോഗികളും കട്ടിലുകൾക്കിടയിലും വരാന്തയിലുമൊക്കെയായി കിടക്കുകയാണ്. ഒരു ദിവസം ശരാശരി 400-നും 600-നും ഇടയ്ക്ക് ഔട്ട് പേഷ്യൻസ് ഇവിടെ ചികിൽസയ്ക്കായി വരുന്നുണ്ട്. ഈ രോഗികളിൽ 90 ശതമാനം ആളുകൾക്കും പ്രിസ്ക്രിപ്ഷൻ കുറിച്ചുകൊടുക്കുകയല്ലാതെ ആശുപത്രിയിൽനിന്നും മരുന്നു ലഭിക്കുന്നില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഏകദേശം 80 ശതമാനത്തോളം ആളുകൾ അധിവസിക്കുന്ന ഈ താലൂക്കിലെ പാവപ്പെട്ടവർക്ക് ഭീമമായ തുക കൊടുത്ത് മരുന്നുവാങ്ങാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഇന്ന് അവിടെ 16 ഡോക്ടർമാരും 30 നേഴ്സുമാരുമുണ്ട്. സ്റ്റാഫ് നഴ്സുമാർ 17 എണ്ണം കുറവാണ്. ദിവസവും രാത്രികാലങ്ങളിൽ രോഗികളെ അറ്റൻഡ്ചെയ്യാൻ ആളില്ലാത്ത സ്ഥിതിയാണ്.

ശുദ്ധജലവിതരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ ടാപ്പുകളും ലീക്കുചെയ്യുന്നതിനാൽ രോഗികളെ സംബന്ധിച്ചിടത്തോളം സമീപ പ്രദേശങ്ങളിൽനിന്ന് വെള്ളം കൊണ്ടുവരേണ്ടതായിട്ടുവരുന്നു. ഒരു പ്ലമ്പറുടെ പോസ്റ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും കഴിഞ്ഞ ആറു വർഷക്കാലമായി ഒരാളിനെപ്പോലും നിയമിച്ചിട്ടില്ല. പൈപ്പിന്റെ ലീക്ക് മാറുന്നതിനും ശുദ്ധജലവിതരണ സംവിധാനങ്ങൾ അറ്റൻഡ് ചെയ്യുന്നതിനും ആളില്ലാത്ത സ്ഥിതിയാണിവിടെയുള്ളത്. ആ ആശുപത്രിയിൽ വയറിങ് നടത്തിയിട്ടുണ്ടെങ്കിലും അതിന് വളരെക്കാലത്തെ പഴക്കമുണ്ട്. ഇൻസുലേഷൻപോയ വയറുകൾ ചുവരുകളിൽ തൊട്ടിരിക്കുന്നതിനാൽ മഴക്കാലത്ത് ചുവരുകളിൽ തൊട്ടാൽ ഷോക്ക് തട്ടുമെന്നുള്ളത് വാസ്തവമാണ്. കൂടാതെ ഷോർട്ട് സർക്യൂട്ട്മൂലം തുടരെത്തുടരെ ബൾബുകൾ ഫ്യൂസായിക്കൊണ്ടിരിക്കുകയാണ്. പി. ഡബ്ല്യു. ഡി. ഇലക്ട്രിക്കൽ വിംഗിനേയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനെയും വിവരം ധരിപ്പിച്ചിട്ടും യാതൊരു നടപടിയും നാളിതുവരെ ഉണ്ടായിട്ടില്ല. ഒരിക്കൽ ബൾബ് ഫ്യൂസായികഴിഞ്ഞാൽ അത് മാറ്റി പുതിയ ബൾബ് ഇടുന്ന ഏർപ്പാടേയില്ല. അതിന്റെ ഫലമായി വാർഡുകളും പരിസര പ്രദേശങ്ങളും അന്ധകാരത്തിലായിരിക്കുകയാണ്. പേവാർഡിൽ വരുന്ന രോഗികൾ സ്വന്തമായി ബൾബ് വാങ്ങിയിടുകയും തിരിച്ചുപോകുമ്പോൾ ഊരിക്കൊണ്ടുപോവുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. അവിടെ ഇ. സി. ജി. എടുക്കുന്നതിന് ഒരു ഉപകരണമുണ്ടായിരുന്നു. അത് രണ്ടു വർഷമായി പ്രവർത്തനരഹിതമാണ്; നന്നാക്കിയിട്ടില്ല, കഴിഞ്ഞ നാലു ദിവസമായിട്ട് ഓപ്പറേഷൻ തീയേറ്റർ പ്രവർത്തിക്കുന്നില്ല. ഡോക്ടർമാർ

LIBRARY ARCHIVES Kerala Legislative Assembly

തമ്മിലുള്ള കിടമത്സരത്തിന്റെഫലമായി രോഗികൾക്ക് ശരിയായ ചികിസയും കിട്ടുന്നില്ല. വർഷങ്ങളായി ആശുപത്രി പരിസരം വൃത്തിയാക്കുന്ന ഏർപ്പാടേ ഇല്ല. കാടും പടർപ്പും പിടിച്ചുകിടക്കുന്ന ഈ പരിസരം രോഗികളും പരിസര വാസികളും ഇപ്പോൾ മലമൂത്ര വിസർജ്ജനത്തിന് ഉപയോഗിക്കുകയാണ്. അതിന്റെ പ്രധാന കാരണം ഇതാണ് : ആശുപത്രിയിലെ സെപ്റ്റിക് ടാങ്ക് 85 വർഷം മുൻപ് പരിമിതമായ ആളുകളുടെ ആവശ്യത്തിനായി നിർമ്മിച്ചതാണ്. രോഗികളുടേയും കൂടെനിൽക്കുന്ന ആളുകളുടേയും എണ്ണം ഇന്ന് ക്രമാതീതമായി വർദ്ധിച്ചു. ഇന്ന് ആശുപത്രിക്കെട്ടിടങ്ങളും പേവാർഡുകളുമൊക്കെ ഉണ്ടായി എങ്കിലും ഡ്രെയിനേജിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിച്ചിട്ടില്ല. രണ്ട് വലിയ സെപ്റ്റിക് ടാങ്കുകൾ കെട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിൽനിന്ന് വച്ചുവെങ്കിലും അതിന്റെ നിർമ്മാണത്തിന് ബന്ധപ്പെട്ട പി. ഡബ്ലിയു. ഡി. അധികാരികൾ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. രണ്ട് ചെറിയ ടാങ്കുകൾ കാലാകാലങ്ങളിൽ ക്ലീൻചെയ്താണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ വളരെക്കാലമായി കോരിമാറാത്തതിന്റെ ഫലമായി ടാങ്ക് നിറഞ്ഞ്കവിഞ്ഞ് പൊട്ടി ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഇതിനേ കോരിമാറാൻ 20,400 രൂപയുടെ എസ്റ്റിമേറ് എടുത്തുവെങ്കിലും ഫണ്ടില്ലെന്നുപറഞ്ഞ് യാതൊരു നടപടിയും ഉണ്ടാകുന്നില്ല. ഇതിന്റെ ദുർഗ്ഗന്ധം കാരണം രോഗികൾക്കും സമീപവാസികൾക്കും ഐസൊലേഷൻ വാർഡിലെ രോഗികൾക്കും തൊട്ടു കിഴക്കുവശത്തുള്ള ആംഡ് പോലീസ് ക്യാമ്പിലെ ആളുകൾക്കും താമസിക്കാൻ വയ്യാത്ത സ്ഥിതിയാണുള്ളത്. അതുപോലെ അടുത്തകാലത്തുണ്ടായ പേമാരിമൂലം നൂറുകണക്കിനാളുകൾ വയറിളക്കം പിടിച്ച് ഈ ആശുപത്രിയിൽ അഭയംപ്രാപിച്ചിരിക്കുകയാണ്. ഈ സെപ്റ്റിക് ടാങ്ക് ഉപയോഗിക്കാൻവയ്യാത്ത സാഹചര്യത്തിൽ രോഗികൾ വെളിപ്രദേശത്ത് മലമൂത്ര വിസർജ്ജനം നടത്തുന്നതുകൊണ്ട് മാരകരോഗങ്ങൾ പടർന്നുപിടിക്കുമെന്നുള്ള ഭയാശങ്കയിൽ പരിസരവാസികൾ കഴിയുകയാണ്. ഇതിനെ സംബന്ധിച്ച് നാട്ടുകാർ, രോഗികളുടെ ആളുകൾ, ക്യാമ്പിലെ ആളുകൾ എന്നിവർ ഡി. എം. ഒ., ഡി. എച്ച്. എസ്., കളക്ടർ തുടങ്ങിയവർക്ക് നിവേദനങ്ങൾ കൊടുത്തിട്ടും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിനെല്ലാം ഉപരിയായി ഈ സെപ്റ്റിക് ടാങ്ക് പൊട്ടിയൊഴുകി മലിന ജലം റോഡ് ക്രോസ്ചെയ്ത് ഒലിച്ചുകൊണ്ടിരിക്കുകയാണ്. അത് ചെന്നെത്തുന്നത് പോലീസ് ക്യാമ്പിലേക്കാണ്. അവിടെ നടന്നുപോകുന്നവർക്ക് പോകാനും പോലീസ് ക്യാമ്പിലെ ആളുകൾക്ക് കഴിയാനും നിവൃത്തിയില്ല. അവരെ രക്ഷിക്കാൻവേണ്ടി എന്തെങ്കിലും നടപടികൾ ബഹുമാനപ്പെട്ട സർക്കാർ എടുത്തേതീരൂ. അതുകൊണ്ട് ചില കാര്യങ്ങളെങ്കിലും അടിയന്തിരമായി ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ സെപ്റ്റിക് ടാങ്കിലെ മാലിന്യങ്ങൾ കോരിമാറ്റി വൃത്തിയാക്കാനും ഒരു സമയബന്ധിത പരിപാടിവച്ചുകൊണ്ടുതന്നെ രണ്ട് സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. ഒരു പമ്പറെയും ഇലക്ട്രീഷ്യനെയും അടിയന്തിരമായി നിയമിക്കണം. പൂർത്തിയായികിടക്കുന്ന ചിൽഡ്രൻസ് വാർഡ് അടിയന്തിരമായി പ്രവർത്തനം തുടങ്ങണം, ഓപ്പറേഷൻ തീയേറ്റർ പ്രവർത്തനക്ഷമമാക്കണം. ഗവൺമെന്റിൽനിന്ന് അനുവദിച്ചിട്ടുള്ള നൂറ് ബെഡ്ഡുകളുടേയും 500 ബെഡ്ഡുകളുടേയും രണ്ട് കെട്ടിടങ്ങൾ അടിയന്തിരമായി പെയ്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ സ്റ്റാഫ് നേഴ്സ്മാരില്ലാത്തതുകൊണ്ട് രോഗികൾക്ക് രാത്രിയിൽ യാതൊരു വിധ ചികിൽസയും കിട്ടുന്നില്ല. ആ ടൗണിലുള്ള ആളുകളെ രക്ഷിക്കാൻ വേണ്ട നടപടികൾകൂടുക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുവഴി യാത്ര ചെയ്യുമ്പോൾ ആ ആശുപത്രി സന്ദർശിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ നെയ്യാറ്റിൻകര താലൂക്കാശുപത്രിയുടെ കാര്യമാണ് ചൂണ്ടിക്കാണിച്ചതെങ്കിലും പല ആശുപത്രികളിലുമുള്ള പരാധീനതയുടേയോ, പോരായ്മയുടേയോ ഒരു സൂചന കൂടിയാണിത്. ഇതിന് പരിഹാരമുണ്ടാക്കണമെന്ന് ഗവൺമെൻറിന് ആത്മാർത്ഥമായ ആഗ്രഹമുണ്ട്. നമ്മുടെ ആളുകളുടെ ആരോഗ്യ സംരക്ഷണ കാര്യത്തിൽ വളരെ താൽപര്യപൂർവ്വം പ്രവർത്തിക്കുന്ന ഒരു സാഹചര്യം നമുക്കുണ്ടായിട്ടുണ്ടെന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. ഈ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സൗകര്യം നമുക്കില്ല. ഇൻഡ്യയിൽവച്ച് ഏറ്റവും കൂടുതൽ സൗകര്യമുള്ള സ്റ്റേറ്റാണ് നമ്മുടേതാണ്. അങ്ങനെയുള്ള നമ്മുടെ സ്ഥിതിതന്നെ എന്താണെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ നിവേദനത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയും. അവിടെ 500 ബഡ്ഡുകളുള്ള ഒരു കെട്ടിടത്തിൻെറ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നമ്മൾ ഇപ്പോൾതന്നെ പത്തര കോടി രൂപയുടെ വർക്കുകൾ എറെറടുത്തുകഴിഞ്ഞുവെന്ന് ഇന്നലെ ചോദ്യോത്തരവേളയിൽ പറഞ്ഞതാണ്. ബഡ്ജറ്റ് പ്രൊവിഷനിൽ നാലരക്കോടി രൂപയാണ് പറഞ്ഞിട്ടുള്ളത്. ഈ ന്യൂനത ഇതിൻെറ പ്രവർത്തനത്തിൽപോലും കാണാൻ കഴിയും. കെട്ടിടത്തിൻെറ പ്രവർത്തനത്തിന് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് കേവലം 100 രൂപയാണ്. എന്തായാലുംശരി ഇതുപോലുള്ള ആശുപത്രികൾക്ക് മുൻഗണന കൊടുക്കേണ്ടതായിട്ടുണ്ട്. ഒരുകാര്യം ഞാനീ അവസരത്തിൽ പറയാനാഗ്രഹിക്കുന്നു. ആശുപത്രി വൃത്തിയായി സൂക്ഷിക്കേണ്ട ജീവനക്കാർ ഒരു മനുഷ്യസേവനമാണ് ചെയ്യുന്നതെന്നുള്ള മനോഭാവത്തോടുകൂടി ചെയ്യുന്നില്ലായെന്നുള്ളത് നിർഭാഗ്യകരമായ സ്ഥിതിയാണ്. അതിൻെറ ഫലമായിട്ടുണ്ടാകുന്ന വൃത്തികേടിൻ കാരണങ്ങളിൽ ഒന്നാണ്. ബഹുമാനപ്പെട്ട മെമ്പറുടെ നോട്ടീസ് കിട്ടിയ ഉടനെ തന്നെ ഡ്രെയിനേജിനെ സംബന്ധിച്ച കാര്യങ്ങൾ അടിയന്തിരമായി ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഇന്നുതന്നെ ബന്ധപ്പെട്ട ആളുകൾ അവിടെച്ചെന്ന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കെട്ടിടത്തിൻെറ പണി പൂർത്തിയാക്കിയാൽ മാത്രമേ ഇന്നത്തെ ദുഃസ്ഥിതിക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കൂ. ഇവിടെ ചില അത്യാവശ്യ തസ്തികകളുടെ കാര്യം പറഞ്ഞു. ഇതിനെ സംബന്ധിച്ച് ഒരു തെറ്റായ ധാരണയുണ്ടായതിൻെറ ഫലമായിട്ടാണോയെന്ന് എനിക്ക് നിശ്ചയമില്ല. അത്യാവശ്യമല്ലാത്ത തസ്തികകളിൽ നിയമനങ്ങൾ നടത്തുന്നത് സാമ്പത്തികമായ ഒരു വേസ്റ്റ് വരാതെയിരിക്കാൻവേണ്ടി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. പക്ഷേ ഇതുപോലുള്ള കാര്യങ്ങൾക്ക് അത് ബാധകമായിക്കൂടാ. എന്തായാലുംശരി, ഇത്തരം കാര്യങ്ങൾകൂടി പരിശോധിച്ച് അത്യാവശ്യമായ തസ്തികകൾ സാങ്ഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ് ; സ്റ്റാഫ് നേഴ്സിൻെറ കുറവെന്നു പറയാൻ കുരണം അവിടെ രാത്രികാലങ്ങളിൽ ധാരാളം രോഗികൾ വരുന്നതാണ് അതുപോലെ 250 ബെഡ്ഡുകളിലാണ് കിടക്കാൻ രോഗികളെ അനുവദിച്ചിട്ടുള്ളത്. ഇന്നലത്തെ കണക്കനുസരിച്ച് 391 രോഗികൾ അവിടെ കിടപ്പുണ്ട്. അവരെ അറൻഡ് ചെയ്യാനാവശ്യമായ സ്റ്റാഫ് നേഴ്സുമാരെ നിയമിക്കുന്നതിനും സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി ചെയ്യണം. ആ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതുവഴി അവിടെയുള്ള പരിസരവാസികൾക്ക് സൈരമായി ജീവിക്കാനുള്ള സാഹചര്യമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, നമ്മുടെ ബഡ് സ്ട്രെംഗ്തിന്റെ എത്രയോ ഇരട്ടി ആളുകളാണ് ഹോസ്പിറ്റലുകളിൽ കിടക്കുന്നത്. അതു കൊണ്ട് നമുക്ക് നിയന്ത്രിക്കുവാൻ സാധിക്കുകയില്ല. എങ്കിൽപ്പോലും ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ അത്യാവശ്യമായ തസ്തികകൾ രാത്രികാലങ്ങളിൽ ജോലിചെയ്യാനുള്ള സ്റ്റാഫ് നേഴ്സുമാർ ഇല്ലെങ്കിൽ അതും പരിശോധിക്കാം. എന്താണ് ചെയ്യാൻ സാധിക്കുക എന്നുവച്ചാൽ അത് ഈ ഗവൺമെന്റ് ചെയ്യാം.

(2) അമ്പലമേട് വ്യവസായ മേഖലയിലെ പരിസര മലിനീകരണം

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, അമ്പലമേട് വ്യവസായ മേഖല, കൊച്ചിൻ ഓയിൽ റിഫൈനറി, എഫ്. എ. സി. ടി. കൊച്ചിൻ ഡിവിഷൻ, കാർബൺ ആൻറ് കെമിക്കൽസ്, കൊച്ചിൻ പേപ്പർ പ്രൊഡക്ട്സ്, തുടങ്ങാൻ പോകുന്ന എച്ച്. ഒ. സി. തുടങ്ങിയ വൻകിട വ്യവസായ ശാലകൾ നിറഞ്ഞ സ്ഥലമാണ്. അവിടെ വായുമലിനീകരണവും ജലമലിനീകരണവും കൊണ്ട് ജനജീവിതം അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. എഫ്. എ. സി. ടി. കൊച്ചിൻ ഡിവിഷനിൽ നിന്ന് ഒഴുകി വരുന്ന മലിനജലം ആ പ്രദേശത്തെ കൃഷിയാകെ നശിപ്പിച്ചിരിക്കയാണ്. വ്യവസായശാലകൾ സ്ഥിതി ചെയ്യുന്ന വടവുകോട്-പുത്തൻകുരിശ് പഞ്ചായത്ത് തൊട്ടടുത്ത് കിടക്കുന്ന കുന്നത്തുനാട് പഞ്ചായത്ത്, കിഴക്കമ്പലം പഞ്ചായത്ത്, ഐക്കരനാട് പഞ്ചായത്ത്, തിരുവാംകുളം പഞ്ചായത്ത്, തൃപ്പൂണിത്തുറ പഞ്ചായത്ത് തുടങ്ങിയ സ്ഥലങ്ങളിലെ കൃഷി മുഴുവൻ നശിച്ച് നാമാവശേഷമായിരിക്കയാണ്. അവിടെ ജലമലിനീകരണം തടയുന്നതിന് എഫ്. എ. സി. ടി. തുടങ്ങിയ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തന്നെ എഫ്. എ. സി. ടി. കൊച്ചിൻ ഡിവിഷനിൽ ഒരു ജലമലിനീകരണ യൂണിറ്റ് നിർമ്മിക്കുന്നതിന് അവസരം കിട്ടിയെങ്കിലും അവ പ്രവർത്തിക്കുന്നില്ല. ആ പ്രദേശത്തുള്ളവർ ശ്വാസംമുട്ടിക്കഴിയുകയാണ്. അവിടെ മാരകമായ രോഗങ്ങളാണ് ഈ മലിനവായു ശ്വസിക്കുന്നതുമൂലം മനുഷ്യർക്ക് വന്നുചേരുന്നത്. എനിക്കുതന്നെ ഈ അടുത്തിയിടെ ഒരു അനുഭവമുണ്ടായി, ആ കമ്പനിയുടെ മുമ്പിൽ അല്പസമയം നില്ക്കേണ്ട ആവശ്യമുണ്ടായി. അന്നു മുഴുവൻ എനിക്ക് കിടന്നുറങ്ങുവാൻ പോലും കഴിയാത്തവിധം തലവേദനയും ഛർദ്ദിയും അനുഭവപ്പെട്ടു. ആ പ്രദേശത്തെ ജനങ്ങളുടെ സ്ഥിതി പറയേണ്ടതില്ല. ഒരു എം. എൽ. എ. ഇപ്പോൾ ഒരു മണിക്കൂർ അവിടെ പോയാൽ ഈ സഭയിൽ ഒരംഗം കുറയുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഈ കാർബൺ ബ്ലാക്കിന്റെ പ്രവർത്തനം നിയന്ത്രിക്കാതെ യാതൊരു നിർവ്വാഹവും ഇല്ല. അവിടെ നിന്ന് വമിക്കുന്ന ദുർഗന്ധം, അവിടെനിന്ന് പുറത്തുവരുന്ന കരി, ആ പ്രദേശമാകെ ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. അടിയന്തിരമായി കാർബൺ ബ്ലാക്കിന്റെ പ്രവർത്തനം നിർത്തിവയ്പിച്ച് ഒരന്വേഷണം നടത്തി അത് ഫലപ്രദമായി അവിടെ പ്രവർത്തിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയ ശേഷമല്ലാതെ ഈ കമ്പനി പ്രവർത്തിപ്പിക്കാൻ അനുവദിക്കരുത്. അത് ആ പ്രദേശത്തെ ജനജീവിതമാകെ ദുസ്സഹമായിരിക്കുകയാണ്. മാരകമായ രോഗങ്ങളാണ് അതാകൊണ്ടവിടെയുണ്ടാകുന്നത്. ആ പ്രദേശത്ത് ക്യാൻസർ വളരെ കൂടുതലാണ്. ഇതിൽ നിന്നാണ് ക്യാൻസർ ഉണ്ടാകുന്നതെന്നാണ് വിദഗ്ദ്ധൻമാർ കണ്ടുപിടിച്ചിരിക്കുന്നത്. മാത്രമല്ല മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവ

LIBRARY ARCHIVES Kerala Legislative Assembly